**പതിനാലാം കേരളനിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 4264** — **17.05.2017-ൽ മറുപടിക്ക്**

**ജിഷ്ണു പ്രണോയ് കൊലക്കേസ് അന്വേഷണത്തിൽ വന്ന വീഴ്ച**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ഷാഫി പറമ്പിൽ** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) ജിഷ്ണു പ്രണോയ് കൊലക്കേസിൽ ആദ്യഘട്ട അന്വേഷണത്തിൽ വന്ന വീഴ്ചകൾ എന്തെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) കണ്ടെത്തിയിട്ടില്ല. |
| (ബി) ജിഷ്ണുവിന്റെ മൃതദേഹം പോസ്റ്റുമോർട്ടം നടത്തിയതിലെ വീഴ്ച, പ്രതികൾക്ക് കോടതികളിൽ നിന്നും മുൻകൂർ ജാമ്യം ലഭിക്കുവാനിടയാക്കിയ സാഹചര്യം എന്നിവ സംബന്ധിച്ച് അന്വേഷിക്കുമോ? | (ബി) ജിഷ്ണു പ്രണോയിയുടെ മൃതദേഹം പോസ്റ്റ്മോർട്ടം നടത്തിയതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് ജിഷ്ണു പ്രണോയിയുടെ കുടുംബാംഗങ്ങൾ പരാതി ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യത്തിൽ അപാകതകൾ ഉണ്ടായിട്ടുണ്ടോ എന്ന് അന്വേഷിക്കുന്നതിനായി Director, Medical Education-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കേസ്സിന്റെ അന്വേഷണത്തിൽ ലഭ്യമായ തെളിവുകളുടെ വിവരങ്ങൾ ജാമ്യാപേക്ഷ സമർപ്പിച്ച സമയം ബഹുമാനപ്പെട്ട കോടതി മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച ശേഷമാണ് ബഹുമാനപ്പെട്ട കോടതി പ്രതികൾക്ക് ജാമ്യം അനുവദിച്ചത്. |

Deepak

**സെക്ഷൻ ഓഫീസർ**